# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2751** — **17.06.2019 ലെ മറുപടി**

## ഹരിത കേരളം മിഷന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ :** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഹരിത കേരളം മിഷന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ 2018-19 ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഹരിതകേരളം - ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം എന്ന വിഭാഗത്തിൽപ്പെടുത്തി "മങ്കട പഞ്ചായത്തിലെ വെളുത്തേടത്ത് അയ്യപ്പൻ കുളത്തിന്റെ പുനരുദ്ധാരണം" എന്ന പ്രവൃത്തിക്ക് 5.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) ഹരിതകേരളം - ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം എന്ന വിഭാഗത്തിലുൾപ്പെടുത്തി പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ് 9 ലെ ഏകോരികുളം പുനരുദ്ധാരണത്തിനായി 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. കൂടാതെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനായി മങ്കട നിയോജ കമണ്ഡലത്തിലെ പ്രവൃത്തികൾ പഞ്ചായത്ത്, ബ്ലോക്ക്തല ഹരിതകേരളം മാസ്റ്റർ പ്ലാനിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**